# ഇടശ്ശേരി, മുളയിലേ വിളയറിഞ്ഞ വിത്ത്

പ്രൊഫ. എം. തോമസ് മാത്യു

"ഉയരുമീ ഗൃഹം നടന്നു കാണുമ്പോൾ
ചിരിച്ചാലും കൊള്ളാം കയർത്താലും കൊള്ളാം
എനിക്കിതേ വേണ്ടൂ: പറഞ്ഞുപോകരു-
തിതു മറ്റൊന്നിന്റെ പകർപ്പെന്നു മാത്രം"
(പുരപ്പണി - കാവിലെ പാട്ട്)

ഇടശ്ശേരിക്ക് താൻ പണിയുന്ന വീടിനെക്കുറിച്ചു മാത്രമല്ല തന്റെ കവിതയെക്കുറിച്ചും അതിലും വിശേഷിച്ച് തന്റെ ജീവിതത്തെക്കുറിച്ചും പറയാനുള്ളത് ഇതാണ്. എന്തവമതിയും സഹിച്ചോളാം. മറ്റൊന്നു പോലെയാണെന്നു മാത്രം പറയരുതേ എന്ന പറച്ചിലിൽ ഒരു ദൈന്യതയുടെ ലാഞ്ഛന കലർന്നുകിടപ്പുണ്ടെന്നു തോന്നുന്നുണ്ടോ? എങ്കിൽ തെറ്റി. ഇടശ്ശേരിയുടെ വ്യക്തിസ്വരൂപത്തിലെന്നപോലെ അദ്ദേഹത്തിന്റെ കവിതകളിലും പ്രത്യക്ഷമായ വിനയാതിത്വമുണ്ട്. എവിടെയെങ്കിലും തിക്കിത്തിരക്കി മുന്നിൽ കടന്നിരുന്ന് തന്നത്താൻ പ്രകടിപ്പിക്കാൻ അദ്ദേഹം ഒരുക്കമല്ല. ഏതെങ്കിലും സദസ്സിൽ ഇടശ്ശേരിയെ അവഗണിച്ചു പോയതിന്റെ പേരിൽ നിങ്ങൾക്ക് കുറ്റക്കാരനാകേണ്ടിവരില്ല. ആ കവിതകളും അതേ മട്ടുതന്നെ. ഒരു പ്രസ്ഥാനത്തിന്റെയും മുന്നിൽ കൊടിപിടിച്ചു നില്ക്കുന്നതല്ല ഇടശ്ശേരിക്കവിത. പക്ഷേ, നായകസ്ഥാനത്തുനിന്ന് ഒഴിഞ്ഞു നില്ക്കുന്ന ആ വ്യക്തിയും ആ കവിതയും അസാധാരണമാം വിധം പക്വതനേടിയ ഒരു ജീവിതബോധത്തിന്റെ അരോഗദൃഢതയ്ക്ക് നിദർശനമാണെന്ന് പതുക്കെപ്പതുക്കെ നാം അറിയുന്നു. കാലം ചെല്ലുന്തോറും ആ കവിതയുടെ പ്രസക്തി ഏറി വരുന്നത് നാം മനസ്സിലാക്കുകയും ചെയ്യുന്നു.

മറ്റൊന്നിന്റെ പകർപ്പാവുക എന്ന ആപത്തിലേക്കുള്ള പ്രലോഭനം നിലനിന്നിരുന്ന കാലത്ത് എഴുതി വളർന്നതുകൊണ്ടാകാം കവി ഇങ്ങിനെ എഴുതിവച്ചത്. പരിഹാസമേല്ക്കാനും അധിക്ഷേപം സഹിക്കാനും സന്നദ്ധനെങ്കിലും മറ്റൊന്നുപോലെയാവുക എന്ന ആത്മഹത്യയ്ക്ക് ഇടശ്ശേരി തയ്യാറല്ല. മനുഷ്യന്റെ കർമ്മമാണ് അവനെ അവനാക്കുന്നത്. അതേകർമ്മം തന്നെ മറ്റൊന്നായിത്തീരാനുള്ള വഴിയായിത്തീരുന്നതിലെ വൈരുദ്ധ്യം എത്ര മാരകമാണ്!

മലയാളത്തിൽ തെഴുത്തുനിന്ന രണ്ടു കാവ്യരീതികളോട് സാമ്യം വരാതെ തന്റെ കവിതയെ പരിരക്ഷിച്ച കവിയാണ് ഇടശ്ശേരി. ചങ്ങമ്പുഴയുടെ സംഗീതത്തിൽ അലിയുന്ന ഭാവലോലുപമായ കവിതയോടുള്ള വിധേയത്വം ഒന്നു കൊണ്ടുമാത്രം കാവ്യരചനയ്ക്ക് ഒരുങ്ങിയ എത്രയോ പേർ അക്കാലത്ത് ഉണ്ടായിരുന്നു. ആർ എന്ത് എഴുതിയാലും അത് ചങ്ങമ്പുഴക്കവിതയാകുന്ന കാലമായിരുന്നു അത്. 'ചങ്ങമ്പുഴ'ക്കവിതയെഴുതാൻ താൻതന്നെ വേണമെന്നില്ലെന്ന് ഉറപ്പു വന്നപ്പോഴാണല്ലൊ ചങ്ങമ്പുഴ അകാലചരമമടയാൻ സമ്മതിച്ചത്. ഇതേ കാലഘട്ടത്തിന്റെ രണ്ടാം പകുതിയിൽ വിപ്ലവ ചിന്തകനും ഉപരിപ്ലവമായ യാഥാർത്ഥ്യബോധവും കവിതയിൽ കടന്നുകൂടി ഒരു പുതുപ്രസ്ഥാനത്തിന്റെ ഊറ്റം പ്രദർശിപ്പിച്ചു തുടങ്ങി. ഈ പ്രസ്ഥാനത്തിന്റെയും ഉപനയനം ചങ്ങമ്പുഴതന്നെ നിർവഹിച്ചു കൊടുത്തിരുന്നു. ഇവയിൽ ഏതെങ്കിലുമൊന്നിലോ, കഴിയുമെങ്കിൽ രണ്ടിലുമോ ഉൾപ്പെട്ടുനില്ക്കാതെ കവിയായി ജീവിക്കാൻ എളുപ്പമായിരുന്നില്ല. എന്നാൽ, ഇടശ്ശേരി അതിനു സന്നദ്ധനായില്ല.

മനപൂർവ്വമായിരുന്നോ ഈ വേറിട്ടു നിൽക്കൽ?

കാലത്തിന്റെ ശീലങ്ങളോട് ഒതുക്കത്തോടെ ചേർന്നു നില്ക്കാൻ എല്ലായ്പ്പോഴും മനുഷ്യനു പ്രേരണയുണ്ടാകും. കവികൾക്കുമുണ്ട് ഈ സ്വഭാവം. ഒരു പൊതുശൈലിയോട് ഇണങ്ങാൻ ആർക്കാണ് ആഗ്രഹം തോന്നാത്തത്? ഇക്കാര്യത്തിൽ കവിയും (ഹന്ത) മനുഷ്യൻ തന്നെയാണല്ലോ. ഒരു സംഘാഹന്തയിൽ ഭാഗഭാക്കാകുന്നതിലുള്ള സുരക്ഷിതത്വം - അത് കപടമാണെങ്കിൽപോലും - ഈ ചേർന്നുനില്പ് വാഗ്ദാനം ചെയ്യുന്നു. ചില വശ്യതകൾക്ക് വഴങ്ങിപ്പോകുന്ന ദൗർബല്യവുമാണത്. അതുകൊണ്ട്,

സുരക്ഷിതത്വത്തിനു മേൽ സ്വാതന്ത്ര്യത്തെ പ്രതിഷ്ഠിക്കാൻ കഴിയുന്ന സാഹസികതയുണ്ടെങ്കിൽ മാത്രമേ വ്യത്യസ്തനാകാൻ – അവനവൻ തന്നെയാകാൻ – കഴിയൂ. സ്വാതന്ത്ര്യം ദുർവഹമായ ഭാരമാണ്. അത് എവിടെയെങ്കിലും ഇറക്കിവയ്ക്കാനുള്ള മോഹം ചെറുതായിരിക്കുകയില്ല. ചുമതലാബോധത്തോടെ അത് ഏറ്റുവാങ്ങി സംരക്ഷണം നല്കാൻ സന്നദ്ധതയുള്ള പ്രസ്ഥാനങ്ങൾക്കാണെങ്കിൽ ഒരു കുറവുമില്ല. 'ഈ ചുമടു ഞാൻ ചുമക്കും. അതിന്റെ വേദനയാണെന്റെ നിർവൃതി' എന്ന ഊറ്റമാർന്ന ആത്മബോധത്തിൽ നിന്നേ സ്വാതന്ത്ര്യത്തിനുള്ള പ്രേരണ ലഭിക്കൂ. ഈ ആത്മബോധത്തിന്റെ നിറവാണ് ഇടശ്ശേരി. ഇടശ്ശേരിക്കവിതയും.

ഇടശ്ശേരിയുടെ കാര്യത്തിൽ ഇത് എടുത്തു പറയുന്നതിൽ സവിശേഷ പ്രസക്തിയുണ്ട്. അക്കാലത്തെ വശീകരണങ്ങളോടു ചേർന്നുപോകാൻ വേണ്ട ഉപലബ്ധികളെല്ലാം വേണ്ടയളവിൽ, ചിലപ്പോൾ വേണ്ടതിലേറെയും ഇടശ്ശേരിക്ക് ഉണ്ടായിരുന്നു. പൂതപ്പാട്ടിന്റെ മുഖക്കുറിപ്പിൽ അദ്ദേഹം പറയുംവിധം കുട്ടിക്കാലത്ത് അയൽവക്കക്കാരേക്കാൾ പരിചിതമായിരുന്ന അനേകം ദേവതമാർ. അവരെ ചൂഴ്ന്നു നില്ക്കുന്ന കഥകൾ. ആ കഥകൾക്കു ജീവൻ കൊടുക്കുന്ന അനുഷ്ഠാനങ്ങൾ, ഉത്സവങ്ങൾ, വിനോദങ്ങൾ – ഇവയിലെല്ലാം ആമഗ്നമാകുന്ന ഒരു മനസ്സിന്റെ സങ്കല്പങ്ങൾ നിറം ചാർത്തി വിടർത്തുന്ന എന്തെല്ലാം ചിത്രങ്ങൾ നാടൻ വായ്ത്താരികളുടെ ഇനിപ്പിൽ ചാലിക്കാൻ അറിയാവുന്നതായിരുന്നു ആ കവിത്വം! നാടോടിസംസ്കാരത്തിന്റെ ഗാനാത്മകത പരീക്ഷിക്കാൻ ഇടശ്ശേരിക്ക് ഒരു വിഷമവും ഇല്ലായിരുന്നു. സ്വന്തം ഗ്രാമവും അതിലെ നിത്യജീവിതങ്ങളും ആ ജീവിതങ്ങളെ നരകദുഃഖങ്ങളനുഭവിപ്പിക്കാൻ ഒരുങ്ങിയിറങ്ങിയ ദുശ്ശാസനവ്യവസ്ഥകളും നിത്യേന കാണുകയും സ്വന്തം ആഹാരത്തിൽ ഈ ദൈന്യതയുടെ കണ്ണീരുകലർത്തി ജീവിതം പോറ്റാൻ വിധി ഏല്പിച്ചത് മുടങ്ങാതെ നിറവേറ്റുകയും ചെയ്ത ആളാണ് ഇടശ്ശേരി. പക്ഷേ, ധൂർത്തടിക്കപ്പെടുന്ന വാക്സംഗീതത്തിൽ ഒലിച്ചുപോകാനോ മുദ്രാവാക്യങ്ങളുടെ ഉച്ചസ്ഥായിയിൽ കവിതയുടെ സ്വച്ഛസൗഭാഗ്യങ്ങളെ ബലികൊടുക്കാനോ അദ്ദേഹം സന്നദ്ധനായില്ല. കവിതയിലെ വികാരം ഭാവചാപല്യമല്ലെന്നും വിപ്ലവം ഉപരിവിപ്ലവമായ ആവേശം കൊള്ളലല്ലെന്നും അദ്ദേഹം വിശ്വസിച്ചു. മലയാളക്കവിതയെ ഈ പാഠം നന്നായി പഠിപ്പിക്കുകയും ചെയ്തു. ഏറ്റവും വലിയ ബലം സ്വന്തം ബലത്തെ ബന്ധിക്കലാണെന്ന് അറിഞ്ഞ കവിയാണ് ഇടശ്ശേരി. 'വീടില്ല ഞാനീ രശ്മികളെ' എന്ന് അദ്ദേഹത്തിന് എവിടെയും പറയാം. 'ഹനുമൽസേവ തുഞ്ചൻപറമ്പിൽ' എന്ന കവിതയിൽ ഈ ദർശനം അദ്ദേഹം ആവിഷ്കരിച്ചു കാണിക്കുന്നുമുണ്ട്. ആ ഹനുമൽദർശനത്തിൽ ഇടശ്ശേരി തന്റെ ജീവിതബോധം മാത്രമല്ല, താൻ നിഷ്ഠയോടെ കാക്കുന്ന കാവ്യബോധവും പ്രകാശിപ്പിക്കുന്നുണ്ടെന്ന് ഞാൻ വിചാരിക്കുന്നു. ദക്ഷിണസാഗരം താണ്ടി ലങ്കയിലെത്തിയ ബലത്തെ തുച്ഛീകരിച്ച മറ്റൊരു ബലവത്തയുടെ പ്രകാശനം കാണുന്നിടത്താണ് ഇടശ്ശേരി ഈ ഹനുമൽ ദർശനം സാധിച്ചിരിക്കുന്നത്. അംബിക അശുഭാവ്യതയായി ആ ശരപുരിയിൽ ഇരിക്കുന്നു. അധർമ്മപരിശുഷ്കമായ ലങ്കയുടെ ഓലപ്പുറത്ത് അരക്കൻ നിക്ഷേപിച്ച ചെങ്കനൽപ്പൊരിപോലെയാണ് ജാനകി വർത്തിക്കുന്നത്. അശനപാനാദികളില്ലാതെ, കണ്ണീർ പൊഴിച്ചുകൊണ്ട് കുനിഞ്ഞിരിക്കുന്ന ആ സംശുദ്ധിയെ തീണ്ടാൻ ''തിക്തപാപമായ്ത്തിണ്ടാടുന്നൊരു കാമാവേഗം'' പാഞ്ഞടുക്കുന്നു. ഹനുമൽപാദരുടെ കൺമുമ്പിലാണ് ഇതു സംഭവിക്കുന്നത്.

ഇടിത്തീപോലപ്പാപമൂർദ്ധനി
    വീഴാതെ ബ്ഭവാ-
നടക്കം കൈക്കൊണ്ടല്ലോ
  ശിംശപ ശാഖാഗ്രത്തിൽ
രാമാസ്ത്രത്തിനു വെച്ച
    നൈവേദ്യമെന്നോ ഹാ ഹാ
രാക്ഷസ രാജാവിനെ
  സ്വാദുനോക്കാതെ വിട്ടൂ !
യമിതേന്ദ്രിയ, സ്വന്തം
    ബലത്തെ സ്വയം തള്ളും

ഇതാണ് ഇടശ്ശേരിയുടെ ഹനുമൽദർശനം; സ്വന്തം ബലത്തെ സ്വയം തങ്ങുന്ന

ബലത്തെയാണ് ഇടശ്ശേരി പ്രണമിക്കുന്നത്. വെറും പ്രണാമമല്ല, കാവ്യജീവിതത്തെ മുഴുവൻ ഈ ബലം സാക്ഷാത്കരിക്കാനുള്ള യജ്ഞമായി രൂപാന്തരപ്പെടുത്തിക്കൊണ്ടുള്ള പ്രണാമമാണത്. ആരാധന അർത്ഥമുള്ളതാകുന്നത് ആരാധ്യഭാവത്തെ അറിഞ്ഞ് ആരാധിക്കുമ്പോഴാണ്. ആ അറിവിന് ആരാധാനാമൂർത്തിയോടൊപ്പം ആരാധകനും വിഷയമായിത്തീരുന്നു. ആളിക്കത്താതെ നീറിപ്പിടിക്കുന്ന അനുഭവമായി കവിതയെ മാറ്റാൻ ഇടശ്ശേരിക്കു കഴിയുന്നത് ഈ ആത്മപ്രത്യയം കൊണ്ടാണ്. തന്റെ വൈഭവങ്ങളുടേ മേൽ കടിഞ്ഞാണിടാൻ അദ്ദേഹത്തിനു കഴിയുന്നതിന്റെ കാരണവും ഇവിടെത്തന്നെയാണ് തേടേണ്ടത്. ഇടശ്ശേരിക്കവിതകളുടെ കൂട്ടത്തിൽ ഏറെ കൊണ്ടാടപ്പെട്ട 'പുത്തൻ കലവും അരിവാളും' ശ്രദ്ധിച്ചു നോക്കിയാൽ ഈ ആത്മനിയന്ത്രണത്തിന്റെ ബലം അറിയാം.

'അധികാരം കൊയ്യണമാദ്യം നാം
അതിനു മേലാകട്ടെ പൊന്നാര്യൻ'

എന്ന വരികൾ പോലെ ഉദ്ധരിക്കപ്പെട്ട കാവ്യഭാഗം വേറെ അധികമില്ല. പക്ഷേ, പുത്തൻ കലവും അരിവാളും ഒരു വിപ്ലവഘോഷമല്ല, ആഴമേറിയ കാവ്യാനുഭവമാണ്. കർഷകനെയും അവന്റെ ജീവിതത്തെയും അടുത്തറിയുന്ന കവി അധികാരത്തിന്റെ തണൽപറ്റി ജന്മിത്വം നടത്തുന്ന കൈയേറ്റം മാത്രമല്ല തിരിച്ചറിയുന്നത്; കവിതയുടെ മേൽ കൈയേറ്റം നടത്തുന്ന വാചാലതയെയും അറിയുന്നു. അതുകൊണ്ട് ജയാത്മിയായ ജന്മിത്വത്തിന്റെ മുമ്പിൽ ദീനനായി നില്ക്കുന്ന കോമനെയല്ല ഇടശ്ശേരി കാണിച്ചുതരുന്നത്.

'കോമൻ നിന്നു കലിതുള്ളുന്നു
കുറ്റിയ്ക്കിട്ട ഗജം പോലെ'

എന്ന ചിത്രത്തിൽ ദൈന്യതയ്ക്ക് എവിടെ സ്ഥാനം? അഭിമാനിയും അധ്വാനശീലനുമായ തൊഴിലാളിയുടെ ആത്മവിശ്വാസത്തിന് അവന്റെ നിസ്സഹായതയുടെ പരമാവധിയിൽ വച്ചു പോലും ഇളക്കം ഉണ്ടാകാത്ത വിധമാണ് ഇടശ്ശേരിയുടെ ചിത്രീകരണം. കോമൻ തോൽക്കുമ്പോഴും നമ്മുടെ ആദരവ് നേടുന്നു. ഈ തോൽവി എന്നും ആവർത്തിക്കപ്പെടുകയില്ലെന്ന ഉറപ്പ് കോമനോളം തന്നെ വായനക്കാരനും ഉണ്ടാകുന്നു. ആദർശവത്കരണത്തിന്റെ തീവ്രതകൊണ്ടല്ല ഇടശ്ശേരി ഈ അത്ഭുതം കാണിക്കുന്നത്. യാഥാർത്ഥ്യത്തിന്റെ തലത്തിൽ നിന്ന് എല്ലാ ബന്ധങ്ങളും പൊട്ടിച്ച് പറന്നു നടക്കുന്ന രീതി ഈ കവിക്കു സമ്മതമല്ല.

ബുദ്ധനും ഞാനും നരിയും എന്ന കവിത എഴുതാൻ ഇടശ്ശേരിക്കു ധൈര്യം കൊടുത്തത് ഈ നിലപാടിലുള്ള ഉറപ്പുകൊണ്ടാണ്. അതേ, ധൈര്യമെന്നു തന്നെയാണ് പറയേണ്ടത്. ഇങ്ങനെയൊരു പ്രമേയം മനസ്സിൽ വരാൻ തന്നെ പ്രയാസം. ആ ആലോചനയ്ക്കിടയിൽ കവിത അലസിപ്പോകാനാണ് സാദ്ധ്യത. പക്ഷേ, ഇടശ്ശേരി ധൈര്യത്തോടെ അത് എഴുതുകതന്നെ ചെയ്തു. കാര്യമിതാണ്. കാട്ടുപാതയിലൂടെ അരമൈൽ നടന്നാൽ തന്റെ ചെറ്റമാടത്തിലെത്താമെന്നു വിചാരിച്ച് തിടുക്കം പൂണ്ട ഒരു സാധു. അയാളുടെ ചുമലിൽ ഇത്തിരി റേഷനരി കിഴി കെട്ടിയത്; നെഞ്ചറയിൽ ചൂടുചിന്താഭാരങ്ങളും. രാജപഥത്തിലൂടെയാണ് പോകുന്നതെങ്കിൽ മൈൽ രണ്ടു നടക്കണം. പക്ഷേ അത്രയും സമയമെടുക്കാനില്ല. വീട്ടിൽ കാത്തിരിക്കുന്ന ദൈന്യങ്ങൾ സമയംകളയാൻ അനുവദിക്കുന്നില്ല. അതുകൊണ്ടാണ് കാട്ടുപാത തിരഞ്ഞെടുത്തത്. കാട്ടിൽ നരി വന്നാലോ?

'നരി വന്നാൽ - വന്നോട്ടെ, സുപരീക്ഷിതങ്ങളെൻ
ചരണങ്ങൾ, ഞാനൊരു പെണ്ണല്ലല്ലോ
നരികണ്ടോനേറിയാൽ നായാട്ടുനായ്ക്കളെ;-
ശ്ശരി, ഞാനോ വാറണ്ടു ശിപ്പായ്മാരെ !'

അങ്ങനെ നടന്ന് ബുദ്ധവിഗ്രഹത്തിനു സമീപമെത്തി. ചുറ്റും 'ഇരതേടുന്ന ക്രൗര്യങ്ങൾ നഖമുരപ്പതുമറിയാതാം ധ്യാനപരതയോടെ' അത് ഇരിക്കുന്നു. തളിരും മലയും കരിയിലയും തിരിച്ചറിയാൻ കഴിയാത്തവിധം ഇരുൾ പരന്നിരിക്കുന്നു. ഇപ്പോൾ കാണുന്നത് ഒന്നുമാത്രം - ചൊകചൊക മിന്നുന്ന നരിയുടെ നിർദ്ദയക്കണ്‍കൾ മാത്രം. ആ ക്രൂരൻ ചാടാൻ പാകത്തിൽ പതുങ്ങി അരികിലെത്തി. ഒട്ടും മടിച്ചില്ല, ബുദ്ധപ്രതിമ പുഴക്കി നരിയുടെ മേൽ പ്രയോഗിച്ചു താൻ രക്ഷപ്പെട്ടു. തന്റെ പരമലക്ഷ്യമായ കുപ്പമാടത്തിലെത്തി.

അതിനുവേണ്ടി അല്പം ചെഞ്ചോര ചിന്തേണ്ടി വന്നു - തെറ്റുതന്നെ.

ഇടയുള്ളോർ വാദിപ്പിൻ - മാർഗ്ഗവും ലക്ഷ്യവു-
മിടറിയോ, ഞാനൊന്നു തല ചായ്ക്കട്ടെ

നിഷ്കരുണമായ മൂർത്ത ജീവിതസാഹചര്യങ്ങളിൽ നിന്ന് അകന്നു നിന്ന് ലക്ഷ്യമാർഗ്ഗങ്ങളുടെ വിശുദ്ധിയെക്കുറിച്ചു നിങ്ങൾക്കു ചർച്ച ചെയ്യാം. അതിനു നിങ്ങൾക്ക് ധാരാളം സമയം കിട്ടും. പക്ഷേ അതു മുട്ടുമ്പോൾ എന്തു ചെയ്യണമെന്നു പറഞ്ഞുതരാൻ ഈ ധർമ്മശാസ്ത്രങ്ങൾക്കാകുമോ? ഏകവസ്ത്രയായ പാഞ്ചാലിയുടെ കത്തുന്ന ധർമ്മപ്രശ്നത്തിനു മുന്നിൽ നാവിടറിയ ഭീഷ്മാചാര്യരെ ചിത്രീകരിച്ച വ്യാസപ്രതിഭയുടെ അനുഗ്രഹത്തിൽ അല്പം ദൈന്യനർമ്മം ചേർന്നപ്പോൾ ഉണ്ടായ ബലമാണ് 'ബുദ്ധനും ഞാനും നരിയും' യഥാർത്ഥത്തിൽ.

കുഴിവെട്ടി മൂടുക വേദനകൾ
കുതികൊൾക ശക്തിയിലേക്കു നമ്മൾ

എന്ന് എഴുതിയതുകൊണ്ടല്ല ഇടശ്ശേരി ശക്തിയുടെ കവിയായത്. ജലപ്പിശാചുക്കളെ പേടിക്കാതെ ജീവിതത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ ധൈര്യം കാട്ടിയതു കൊണ്ടാണ്. വരിഷ്ഠമെന്നു വരിച്ചതെന്തും പതുക്കെ മലീമസമാകാമെന്നും അതു തിരിച്ചറിയുന്ന നിമിഷം അതിനെ വലിച്ചെറിയുക തന്നെ വരമെന്നും വിചാരിക്കുന്ന ഒരു മനസ്സിനു മാത്രമേ ഈ ശക്തി സാദ്ധ്യമാകൂ. ഇടശ്ശേരിയുടെ മനസ്സിന്റെ സ്വഭാവമതാണ്. ഒരിക്കൽ സ്വീകരിച്ചുപോയതുകൊണ്ട് എന്നും അതിനെ പൊക്കിപ്പിടിച്ചു കൊണ്ടിരിക്കുന്നതിൽ അർത്ഥമില്ലെന്ന് 'പൊട്ടി പുറത്ത് - ശിവോതി അകത്ത്' എന്ന കവിതയിൽ അദ്ദേഹം പറയുന്നു. പക്ഷേ മനുഷ്യസ്വഭാവം, കൈവന്നതിനെയൊന്നും കൈവിടുന്നതല്ല. എഴുതപ്പെട്ടതെല്ലാം നിത്യ സത്യമായി എഴുതപ്പെട്ടിരിക്കുന്നു എന്ന മിഥ്യാബോധോപജീവിതൻ' ആപത്തിന്മേലാണ് അടയിരിക്കുന്നത്. അതുകൊണ്ട് ശിവോതി വരിക്കാൻ മാത്രമല്ല, ഈ ശിവോതി നാളെ പൊട്ടിയായി മാറും എന്ന് അറിയാനും അറിഞ്ഞ നിമിഷത്തിൽ ആട്ടിക്കളയാനും ഉണർന്നിരിക്കാനാണ് ഇടശ്ശേരിയുടെ ആഹ്വാനം.

'വെളിച്ചം തൂകിടുന്നോളം
പൂജാർഹം താനൊരാശയം
അതിരുണ്ടഴൽ ചാറുമ്പോൾ
പൊട്ടിയാട്ടുക താൻ വരം'

ഇങ്ങനെ ശിവോതിയെ വരിച്ചും പൊട്ടിയെ ആട്ടിയുമാണ് മനുഷ്യന്റെ വളർച്ച. ഈ സംക്രമതത്ത്വം വിസ്മരിക്കാത്തിടത്തോളമേ മനുഷ്യനു പുരോഗതിയുള്ളൂ. അല്ലെങ്കിൽ വിപ്ലവം യാഥാസ്ഥിതികത്വമായി നരയ്ക്കുന്നതറിയാതെ പോകും!

മാറിക്കൊണ്ടിരിക്കുന്ന ലോകത്തിൽ മാറാതെ കാക്കേണ്ടത് ചിലതുണ്ടെന്ന് അറിയാതെയല്ല ഇടശ്ശേരി ജീവിതത്തിനു വേണ്ടി വാദിക്കുന്നത്. പോന്നു വരുന്നതിൽ കൗതുകം പൂണ്ട അദ്ദേഹം കാഴ്ചയ്ക്കപ്പുറമുള്ള കാഴ്ചകളിലേക്ക് നോട്ടമയയ്ക്കുന്ന കവിയായിരുന്നു. പഴയ ഇലകൾ പൊഴിയുകയും പുതിയ തളിരുകൾ വിടരുകയും ചെയ്യുക അനിവാര്യമാണെങ്കിൽ സംശയമില്ല. പക്ഷേ ജീവിതത്തിൽ മാറ്റങ്ങൾ എത്രതന്നെ അനിവാര്യമായാലും ആ മാറ്റങ്ങളിൽ നഷ്ടപ്പെടുന്നതും വിലപ്പെട്ടതാണ്. 'കുറ്റിപ്പുറം പാലം' അഭിമാനത്തിന്റെയും നഷ്ടബോധത്തിന്റെയും സമ്മിശ്രഭാവങ്ങൾ കൊണ്ട് ശബളമായിത്തീരുന്നു. ഇരുപത്തിമൂന്നോളം ലക്ഷമിപ്പോൾ ചെലവാക്കി നിർമ്മിച്ച കുറ്റിപ്പുറം പാലം, അതിന്മേൽ കയറിനിന്ന് താഴെയൊഴുകുന്ന പേരാർ നോക്കുന്ന കവി. ഈ പേരാറിന്റെ മണൽവിരിപ്പിൽ പൂത്താങ്കോലു കളിച്ച ഒരു കാലം ഉണ്ടായിരുന്നു. ഇതിന്റെ കുളിർ പ്രവാഹത്തിൽ മുങ്ങിപ്പൊങ്ങിയ കാലമുണ്ടായിരുന്നു. പൊന്മയും കുരുവിയും കൊക്കും പറന്നു പൊങ്ങുന്ന വിതാനത്തെ കൊതിയോടെ നോക്കിയിട്ടുണ്ട്. ഇപ്പോഴിതാ ആ വിതാനത്തിന്മേലാണ് നിൽക്കുന്നത്. ഈ നിളയുടെ എത്ര ഭാവങ്ങൾ കണ്ടിരിക്കുന്നു! പേമഴയിൽ പെരുകിയാർത്ത് തടംതല്ലി ഒഴുകിവരുന്ന ഇവൾ ഗരുഡനുപോലും വിലങ്ങിപ്പറക്കാൻ ഭയം തോന്നിച്ചിരുന്നു. അടുത്ത മഴയ്ക്കും അവൾ തടംതല്ലി പാഞ്ഞുവരും. പക്ഷേ, ഇവിടെ മനുഷ്യർ കെട്ടിയ ഈ പാലത്തിനടുത്തെ ത്തുമ്പോൾ എന്തു സംഭവിക്കും?

'ചിരി വരുന്നുണ്ടതു ചിന്തിക്കുമ്പോ-
ളിനി നിയ്യിപ്പാലത്തിൻ നാട്ട നൂഴും!'

ഇത് മനുഷ്യന്റെ വിജയമാണ്. സാങ്കേതികവിദ്യ കൊണ്ട് പ്രകൃതിശക്തികളെ വരുതിയിൽ നിർത്തുന്നതിൽ മനുഷ്യൻ നേടിയ വിജയം. ഇത് അഘോഷിക്കേണ്ട, അഭിമാനിക്കേണ്ട വിജയം തന്നെ. പക്ഷേ, ആ വിജയത്തിനു കൊടുക്കേണ്ട വിലയെന്താണ്. ഈ പാലത്തിൽ ഇരച്ചു വരുന്നത് ഒരു പുതിയ നാഗരികതയും അതിന്റെ ആടോപങ്ങളുമാണ്. അവ മുക്കിക്കൊല്ലാൻ പോകുന്നത് ഗ്രാമ ലക്ഷ്മിയെയാണ്!

'കടുതരം പകലെങ്ങും ശബ്ദപൂരം
കടുതരമിരവിലും ശബ്ദപൂരം
മുറുകിടും ശബ്ദങ്ങളെങ്ങുമെങ്ങും
മുറുകിടും ചലനങ്ങളെങ്ങുമെങ്ങും.....'

രണ്ടായിരം വർഷങ്ങൾക്കു മുമ്പാണ് വിർജിൽ 'ദുരപൂണ്ട നരകത്തിലെ ശബ്ദകോലാഹലം' (noise of a greedy hell) എന്ന് എഴുതിയത്. ആ കോലാഹലത്തിലേക്കാണ് നാം എറിയപ്പെട്ടിരിക്കുന്നത്. പ്രകൃതി മനുഷ്യനു കീഴടങ്ങി. അതോടെ ദുഗ്ധം ചുരത്തിയിരുന്ന ഈ അംബ ആസുരത വിളയാടുന്ന ഒരു വിഷജന്മമായി മാറി.

'അംബ, പേരാറെ, നീ മാറിപ്പോമോ
ആകുലയാമൊരഴുക്കുചാലായ്?'

വളർച്ചയുടെയും വികസനത്തിന്റെയും വഴിയിൽ ഇങ്ങനെയൊരു ചതികൂടിയുണ്ടെന്ന് ഇടശ്ശേരി എത്രയോ മുമ്പ് കണ്ടറിഞ്ഞു.

'പള്ളിക്കൂടത്തിലേക്ക് വീണ്ടും' എന്ന കവിതയിലും ഇങ്ങനെയൊരു നഷ്ടത്തിന്റെ കണക്കാണ് ഇടശ്ശേരിക്കു പറയാനുള്ളത്. ശോഭന വിദ്യാ വിലാസിനിയെ കൈപിടിച്ചു കൊണ്ടുപോരാൻ പുത്തനുടുപ്പും പുതിയ ബുക്കും പുത്തനാം പ്ലേറ്റുമായി പുറപ്പെടുന്ന മകന് നഷ്ടപ്പെടാൻ പോകുന്നതെന്തെന്ന് അച്ഛനു നന്നായറിയാം. അച്ഛൻ പറയുന്നു.

'പൂഴിമുറ്റത്തതാ പൂക്കൾ തൂകി
പൂമ്പാറ്റകൾക്കു കുടീരമായി
കാഞ്ചനവെയ്ലും നുണച്ചിറക്കി
കാണുമലരിതൻ ചില്ലയിന്മേൽ
നിന്നെയും കാത്തു പതിവുപോലെ
വന്നിരിക്കുന്നുണ്ടിളം കിളികൾ
പ്രേഷ്ഠരവരോടു യാത്ര ചൊല്ലൂ
പേച്ചറിയുന്നവർ നിങ്ങൾ തമ്മിൽ !
നീ പോയ് പഠിച്ചു വരുമ്പൊഴേക്കും
നിങ്ങളന്യോന്യം മറന്നിരിക്കും !
പോയി നാമിത്തിരി വ്യാകരണം
വായിലാക്കീട്ടു വരുന്നു മന്ദം
നാവിൽ നിന്നെപ്പോഴേ പോയ്ക്കഴിഞ്ഞു
നാനാജഗന്മനോരമ്യ ഭാഷ !
പഠിപ്പേറുമ്പോൾ സംഭവിക്കുന്നത് ഇതാണ്.
അമ്പതുകൊല്ലം മുമ്പാരു തമ്മിൽ
കമ്പം പിടിക്കും കളിമ്പമാർന്നു,
പുസ്തകജ്ഞാനമവരെ മർത്ത്യ-
പുത്രനും തിര്യക്കുമാക്കി മാറ്റി
ഇബ്ഭേദബുദ്ധിയിലാഭിജാത്യ-
ശപ്താഭിമാനവുമേകനാർന്നു !'

പ്രകൃതിയെ ശത്രുവാക്കുന്ന അറിവാണ് ഭേദബുദ്ധി വളർത്തുന്ന അറിവാണ്, മനുഷ്യൻ നേടുന്നത്. ഈ അറിവിന്റെ ലോകത്തിൽ സങ്കീർണ്ണതയുടെ ലോകത്തിൽ, എന്താണ് ആശംസിക്കേണ്ടതെന്നു പോലും നിശ്ചയമില്ലാത്ത പിതാവിനെയാണ് ഇടശ്ശേരി അവതരിപ്പിക്കുന്നത്. എങ്കിലും കരുത്തും ആത്മശോഭയും നഷ്ടപ്പെടാതിരിക്കട്ടെ എന്ന് അദ്ദേഹം പ്രാർത്ഥിക്കുന്നു. ഈ ലോകത്തിൽ അത് കൈവിടാതെ കാക്കാൻ കഴിയുമോ? അഞ്ചുകാശിന്റെ കൈവല്യം നേടാൻ പുറംപറമ്പിലെ പുളിമാവു വെട്ടി തുച്ഛന് എന്തിലുമേറെ

കാമ്യം പണമാണെന്നു തെളിയിക്കുന്ന കവിതയിലും ഇടശ്ശേരി ഒഴിഞ്ഞു പോകുന്ന ഗ്രാമീണ മഹത്ത്വങ്ങളെക്കുറിച്ചാണ് പറയുന്നത്. പൂത്തുനിൽക്കുമ്പോൾ ദേവന്മാർക്കുള്ള ആവാസമായിരുന്ന പുലർവേളതോറും അവരുടെ മൃദുഹാസം ചില്ലകളിൽ വഹിക്കുന്ന ഗിരിശൃംഗത്തിന്റെ പ്രതിരൂപമായ പുളിമാവല്ല ഒട്ടുമാവുകളാണ് ഇന്ന് ആളുകൾക്കു വേണ്ടത്! എല്ലാ മഹത്ത്വങ്ങളെയും നാം അറുത്തെടുക്കുന്നു. സത്യസൗന്ദര്യങ്ങൾ മേളിക്കുന്ന ജീവിത സങ്കല്പങ്ങൾ വഴിമാറുന്നു.

ഗൃഹാതുരത്വത്തിന്റെ ചപലതയോടെയല്ല ഇടശ്ശേരി ഈ മാറ്റങ്ങളെ കാണുന്നത്. യാഥാർത്ഥ്യത്തിന്റെ തലത്തിൽ നിന്നുകൊണ്ട് അദ്ദേഹം ഈ മർത്ത്യപരിണാമത്തെ വീക്ഷിക്കുന്നു. ആദ്യത്തെ ഇല കൂമ്പുമ്പോഴേ എന്താണ് വിളയാൻ പോകുന്നതെന്ന് അദ്ദേഹം അറിഞ്ഞു കഴിയുന്നു. സെമിറ്റിക് പ്രവാചകന്റെ തീക്ഷ്ണശബ്ദത്തിൽ ദുഃഖങ്ങൾ ഒതുക്കിവച്ച് ഈ അപ്രിയസത്യം അദ്ദേഹം പറയുന്നു. ●